പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

## ഇന്ദിരാ ആവാസ് യോജന

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2848 — 22.02.2016 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഇ.പി.ജയരാജൻ<br>,, കെ.സുരേഷ് കുറുപ്പ്<br>,, കെ.കുഞ്ഞമ്മത് മാസ്റ്റർ<br>,, വി.ചെന്താമരാക്ഷൻ | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | ഇന്ദിരാ ആവാസ് യോജനയുടെ നടത്തിപ്പിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നേരിടേണ്ടിവന്ന അധിക ബാദ്ധ്യത നികത്തുന്നതിനായി എന്തെല്ലാം പ്രഖ്യാപനങ്ങളാണ് നടത്തിയത് എന്നറിയിക്കാമോ; | (എ), (ബി) & (സി) | ഐ.എ.വൈ. പദ്ധതിയുടെ നടത്തിപ്പിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 2011-12 ലും 2012-13 ലും വീടുകൾക്ക് 75,000/- രൂപ ക്രമത്തിലും 2013-14 മുതലുള്ള വീടുകൾക്ക് 50,000/- രൂപ ക്രമത്തിലും അധിക സംസ്ഥാന വിഹിതം നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് ½ ലക്ഷം രൂപ പട്ടിക വർഗ്ഗ വികസന വകുപ്പിൽ നിന്നും, പട്ടികജാതി വിഭാഗങ്ങൾക്ക് 1 ലക്ഷം രൂപ പട്ടികജാതി വികസന വകുപ്പിൽ നിന്നും അധികമായി നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. അധിക സംസ്ഥാന വിഹിതം നൽകുന്നത് മൂലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നേരിടേണ്ടിവന്ന അധിക ബാദ്ധ്യത നികത്തുന്നതിനായി 500 കോടി രൂപ അനുവദിക്കുകയും, 300 കോടി രൂപ ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. അധിക സംസ്ഥാന വിഹിത ഇനത്തിൽ 62.86 കോടി രൂപ കുടിശ്ശിക നൽകാൻ ഉണ്ട്. ഈ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | അവയിൽ നടപ്പാക്കപ്പെട്ടത് ഏതൊക്കെ; ഇവയുടെ വിശദാംശങ്ങൾ നൽകാമോ; | | |
| (സി) | എത്ര തുകയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികബാദ്ധ്യതയായി വന്നിട്ടുള്ളത് എന്ന് കണക്കാക്കിയിട്ടുണ്ടോ; അതിൽ എത്ര തുക തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകിയെന്നറിയിക്കാമോ? | | |

സെക്ഷൻ ആഫീസർ